

# ദീപാവലി വെളിച്ചത്തിന്റെ ആഘോഷം

## ഈ മാസത്തിലാണ് ദീപാവലി

ജനകീയ ആഘോഷങ്ങളുടെ നാടാണ് ഇന്ത്യ. രാജ്യവ്യാപകമായും പ്രാദേശികമായും അനേകം ആഘോഷങ്ങളും ഉത്സവങ്ങളും നമുക്കുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ആഘോഷമാണ് ദീപാവലി. നമ്മുടെ കൊച്ചു കേരളത്തിൽ ദീപാവലി അത്ര വിപുലമായി ആഘോഷിക്കാറില്ലെങ്കിലും മറ്റ്

സംസ്ഥാനങ്ങളിൽ ഇത് ഗംഭീരമായി ആഘോഷിക്കുന്നു.

ദീപാലങ്കാരങ്ങളുടെയും നിറങ്ങളുടെയും ആഘോഷമാണ് ഇത്. വലിയ റോഡുകളിലും നടപ്പാതകളിലും ചെറു വിളക്കുകൾ കത്തിച്ചുവെച്ചും കടകളുടെയും വീടുകളുടെയും മുന്നിൽ കോലങ്ങൾ വരച്ചും മധുര പലഹാരങ്ങൾ കഴിച്ചും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ആശംസകൾ നേർന്നും സമ്മാനങ്ങൾ നൽകിയും പലതരം കളികളിൽ ഏർപ്പെട്ടും രാജ്യത്താകമാനം ഇത് ആഘോഷിക്കപ്പെടുന്നു. പ്രത്യേക പ്രാർത്ഥനകളും പൂജകളും, പടക്കങ്ങളും പൂത്തിരികത്തിക്കലും ഈ ആഘോഷത്തിന്റെ ഭാഗമാണ്.

ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ഇത് ആഘോഷിക്കുന്നത്. തിന്മകൾക്ക് മേലെ നന്മയുടെയും ഇരുട്ടിന്റെ മേൽ വെളിച്ചത്തിന്റെയും വിജയമായി വിശ്വാസികൾ ഈ ആഘോഷത്തെ കാണുന്നു. ഹിന്ദുക്കളും സിഖുകാരും ജൈനരും ഇത് ആഘോഷിക്കുന്നു. അഞ്ച് ദിവസമാണ് ഈ ആഘോഷം.

അമൃതിനു വേണ്ടി ദേവാസുരന്മാർ നടത്തിയ പാലാഴിമഥനത്തിൽ ല്ക്ഷ്മിദേവി ഉയർന്നുവന്ന ദിവസമായും കൂടാതെ വനവാസത്തിനു ശേഷം രാമനും സീതയും അയോധ്യയിൽ തിരിച്ചെത്തിയപ്പോൾ ജനങ്ങൾ അവരെ ദീപങ്ങൾ കൊളുത്തി സ്വീകരിച്ചതിന്റെ സ്മരണയുമൊക്കെയായി ഒട്ടേറെ ഐതിഹ്യങ്ങൾ ദീപാവലിയുടെ പിറവിയുമായി ബന്ധപ്പെട്ട് ഉണ്ട്.

പലതരം പ്രാദേശിക ഭേദങ്ങളും ഈ ആഘോഷത്തിനുണ്ട്. ബംഗാളിൽ കാളി മുഖ്യദേവതയായി പൂജിക്കപ്പെടുമ്പോൾ ഗുജറാത്തിൽ ലക്ഷ്മി ദേവി പൂജിക്കപ്പെടുന്നു. സിക്കുകാരും  ജൈനരും അവരുടെ വിശ്വാസങ്ങളുമായ് ബന്ധപ്പെടുത്തിയും ഈ ആഘോഷത്തെ കാണുന്നു.

● എം.സി.യു